# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2408 14.06.2019-ൽ മറുപടിക്ക്
കെ.എസ്.ഇ.ബി. ദ്രുതപ്രതികരണ സംഘം

| | ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ)<br><br><br><br><br><br>(സി) | കാലവർഷകെടുതിയുടെ ഭാഗമായി ഉണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് കെ. എസ്. ഇ. ബി. ദ്രുതപ്രതികരണ സംഘം രൂപീകരിച്ചിട്ടുണ്ടോ;<br><br>സംസ്ഥാനത്തെ എല്ലാ ഇലക്ട്രിക്കൽ സർക്കിളിന് കീഴിലും ഇത്തരത്തിലുള്ള ദ്രുതപ്രതികരണ സംഘം രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (എ) | കാലവർഷക്കെടുതിയിലുണ്ടാകുന്ന വൈദ്യുതി തടസ്സം താമസംവിനാപരിഹരിക്കുക എന്ന ഉദ്ദേശലക്ഷ്യം മുൻനിർത്തി, 25.05.2019 ലെ ബോർഡുത്തരവ് പ്രകാരം വൈദ്യുതിതടസ്സം പരിഹരിക്കുന്നതിനു ദ്രുതപ്രതികരണസേന രൂപീകരിക്കാനുള്ള നിർദ്ദേശം എല്ലാ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും നൽകിയിരുന്നു. വൈദ്യുതി പുനഃസ്ഥാപനത്തിൽ മുൻപരിചയവും സ്ഥലത്തെ വൈദ്യുതിവിതരണ ലൈനുകളെ ക്കുറിച്ച് ധാരണയുമുള്ള 30 - ൽ കുറയാത്ത ജീവനക്കാരുടെ ഒരു ടീമിനെയാണ് ഓരോ സർക്കിളുകളിലും ദ്രുതപ്രതികരണസേനയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിരുന്നത്. വൈദ്യുതിതടസ്സത്തിന്റെ വ്യാപ്തിക്കു അനുസൃത മായി, വാഹനങ്ങൾ വാടകയ്ക്കു എടുക്കുന്ന തിനും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കു ന്നതിനും ആവശ്യമെങ്കിൽ കോൺട്രാക്ട് ജീവനക്കാരെ നിയോഗിക്കുന്നതിനും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കു അധികാരം നൽകി യിട്ടുണ്ട്. |
| (ബി) | വൈദ്യുതി വിതരണ രംഗത്ത് ഉണ്ടാകുന്ന എല്ലാത്തരം പ്രശ്നങ്ങ ളും യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് ഈ സംവി ധാനം ഫലപ്രദമാണോ; വ്യക്തമാ ക്കുമോ; | (ബി) | ഇലക്ട്രിക്കൽ സെക്ഷനുകൾക്കു പരിഹരിക്കാൻ പറ്റാത്തതരത്തിൽ മൺസൂൺ മൂലം വ്യാപകമായ വൈദ്യുതിതടസ്സങ്ങൾ ഉണ്ടാകു മ്പോൾ, വൈദ്യുതി തടസ്സത്തിന്റെ വ്യാപ്തിക്കനു സൃതമായി, മുൻഗണനാക്രമത്തിൽ ദ്രുതപ്രതി കരണ സേന ടീമിൽ നിന്നും ജീവനക്കാരെ നിയോഗിക്കാനും പരാതികൾ സാധാരണ യിലും വേഗം പരിഹരിക്കാനും സാധിക്കു മെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ